### ഒന്നാം അലോട്ട്മെന്റ്

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

*19-06-2023*

2023-24 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം ഒന്നാം വർഷ ഏകജാലക പ്രവേശനത്തിനായുള്ള ആദ്യ അലോട്ട്മെന്റ് www.admission.dge.kerala.gov.in എന്ന അഡ്മിഷൻ വെബ് സൈറ്റിലെ Higher Secondary (Vocational) Admission എന്ന പേജിൽ ജൂൺ 19 ന് പ്രസിദ്ധീകരിക്കും. First Allotment Results എന്ന ലിങ്കിൽ Candidate Login ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്സ്‌വേർഡും നൽകി അപേക്ഷകർക്ക് അലോട്ട്മെന്റ് വിവരങ്ങൾ മനസ്സിലാക്കുന്നതിനും അലോട്ട്മെന്റ് സ്ലിപ് ഡൗൺലോഡ് ചെയ്യുന്നതിനും കഴിയും.

ഒന്നാം അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ **ജൂൺ 19, മുതൽ ജൂൺ 21, വൈകുന്നേരം 4.00 മണി** വരെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള സ്കൂളുകളിൽ പ്രവേശനം നേടാവുന്നതാണ്. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ഥിര പ്രവേശനം ആണ് ലഭിക്കുന്നത്. ഇവർക്ക് താത്കാലിക പ്രവേശനം അനുവദനീയമല്ല. താഴ്ന്ന ഓപ്ഷനിലാണ് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതെങ്കിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കാൻ കാത്തിരിക്കുന്നതിനായി വിദ്യാർത്ഥിക്ക് താത്കാലിക പ്രവേശനം നേടാം. താൽകാലിക പ്രവേശനം നേടുന്നവർക്ക് ആവശ്യമെങ്കിൽ ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഇതിനുള്ള അപേക്ഷ പ്രവേശനം നേടുന്ന സ്കൂളിലാണ് നൽകേണ്ടത്.

ആദ്യ അലോട്ട്മെന്റുകളിൽ ഇടം നേടാത്തവർ തുടർന്നുള്ള അലോട്ട് മെന്റുകൾക്കായ് കാത്തിരിക്കുക. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ് കൂളിലെയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് പരിശോധിക്കാവുന്നതാണ്.

അലോട്ട്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥി ജൂൺ 21, വൈകുന്നേരം 4.00 മണിക്ക് മുമ്പ് അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരമായോ താത്കാലികമായോ പ്രവേശനം നേടാതിരുന്നാൽ, അഡ്മിഷൻ പ്രോസസ്സിൽ നിന്നും പുറത്താകുന്നതാണ്. തെറ്റായ വിവരങ്ങൾ നൽകി ലഭിച്ചിട്ടുള്ള അലോട്ട്മെന്റുകൾ റദ്ദാക്കപ്പെടും.

വിദ്യാർത്ഥികൾക്ക് ഓൺലൈനായും ഫീസ് അടയ്ക്കാം. ഇതിനുള്ള സൗകര്യം Candidate Login ൽ ലഭ്യമാണ്. ഇത്തരത്തിൽ ഫീസ് അടയ്ക്കുന്ന കുട്ടികൾ ഓൺലൈൻ ഫീസ് റെസിപ്റ്റ് സ്കൂളുകളിൽ നൽകേണ്ടതാണ്.

## ഫീസ് വിവരം

| | ഇനങ്ങൾ | | ഒന്നാം വർഷം (രൂപ) | രണ്ടാംവർഷം (രൂപ) |
|---|---|---|---|---|
| പി.ടി.എ വിഹിതം | സ്പെഷ്യൽ ഫീസ് – സ്റ്റേഷനറി | 25.00 | 280.00 | 280.00 |
| | മാഗസിൻ | 25.00 | | |
| | അസ്സോസിയേഷൻ | 25 00 | | |
| | യൂത്ത്ഫെസ്റ്റിവൽ, സ്പോർട്ട്സ് & ഗെയിംസ് | 50.00 | | |
| | വിഷ്വൽ എജ്യുക്കേഷൻ | 30.00 | | |
| | കലണ്ടർ | 25.00 | | |
| റവന്യൂ | ലൈബ്രറി ഫീസ് | 25.00 | | |
| | മെഡിക്കൽ ഫീസ് | 25.00 | | |
| | ലബോറട്ടറി ഫീസ് | 50.00 | | |
| | അഡ്മിഷൻ ഫീസ് | | 50.00 | |
| | കോഷൻ ഡെപ്പോസിറ്റ് | | 100.00 | |
| | എക്സ്പോ | | 50.00 | 50.00 |
| | ഇന്റേണൽ എക്സാമിനേഷൻ ഫീസ് | | 15.00 | 15.00 |
| | അഡീഷണൽ സ്പെഷ്യൽ ഫിസ് (കമ്പ്യൂട്ടർ കോഴ്സുകൾക്കുമാത്രം) | | 100.00 | 100.00 |
| | അപേക്ഷാ ഫീസ് | | 25.00 | |

## കമ്പ്യൂട്ടർ കോഴ്സുകൾ

1. *Domestic Biometric Data Operator* (Course Code: 5)
2. *Field Technician Computing Peripherals* (Course Code: 10)
3. *Graphic Designer* (Course Code: 11)
4. *Junior Software Developer* (Course Code: 13)
5. *Web Developer* (Course Code: 49)

First Allotment Result–ൽനിന്നും കിട്ടുന്ന രണ്ട് പേജുള്ള അലോട്ട്മെന്റ് സ്ലിപ്പും യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പ്രവേശനത്തിന് ഹാജരാക്കണം. അലോട്ട്മെന്റ് ലിസ്റ്റിന്റെ ഒന്നാമത്തെ പേജിൽ ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങൾ നൽകി വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പ് വച്ചിരിക്കണം.

യോഗ്യത തെളിയിക്കുന്ന സട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ലഭ്യമാകാത്ത വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതാണ്. പ്രവേശനത്തിനായി വിദ്യാർഥികൾ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന യോഗ്യത തെളിയിക്കുന്ന പകർപ്പുകൾ സ്വീകരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ സ്കൂൾ അധികൃതർ ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസ്തുത റിസൾട്ടിന്റെ സാധുത ഉറപ്പാക്കുന്നതാണ്. **പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റിന്റെയും സ്വഭാവ സർട്ടിഫിക്കറ്റിന്റെയും അസ്സൽ നിർബന്ധമായും ഹാജരാക്കണം.**

*പ്രവേശന സമയത്ത് ഹാജരാക്കേണ്ട മറ്റ് രേഖകളെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.*

1. സാമുദായിക സംവരണം പരിശോധിക്കുന്നതിന് SSLC ബുക്കിലെ സാമുദായിക വിവരങ്ങൾ മതിയാകും. എന്നാൽ ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവര മാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ റവന്യൂ അധികൃത രിൽ നിന്നും ലഭിച്ചിട്ടുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2. അനുബന്ധം 3 ൽ ഉൾപ്പെട്ട ഒ.ബി.എച്ചിലെ വിഭാഗക്കാർ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ ഫീസാനുകൂല്യം ലഭിക്കുകയുള്ളൂ.

3. തമിഴ്/കന്നട ഭാഷ ന്യൂന പക്ഷമാണെങ്കിൽ ആ വിവരം യോഗ്യതാ സർട്ടിഫിക്കറ്റിൽ/എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മാതൃ ഭാഷയുടെ (ഒന്നാം ഭാഷ) കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. അല്ലാത്തപക്ഷം രജിസ്റ്റർ ചെയ്ത തദ്ദേശ ഭാഷാ ന്യൂനപക്ഷ സംഘടനയുടെ സെക്രട്ടറി/ചെയർമാൻ പ്രസ്തുത സംഘടനയുടെ അംഗത്വ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ലെറ്റർ ഹെഡിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4. താമസിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും താലൂക്കിന്റേയും പേരിൽ ബോണസ് പോയിന്റുകൾ ലഭിക്കുന്നവർ SSLC ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. അല്ലാത്ത പക്ഷം റേഷൻ കാർഡോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

5. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാ വിഭാഗങ്ങളിലെ സർവീസിലുള്ള ജവാന്റെ ആശ്രിതർ എന്നുള്ളതിന് പ്രസ്തുത ജവാന്റെ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാ വിഭാഗങ്ങളിൽ നിന്നും വിരമിച്ച എക്സ് സർവ്വീസ് ജവാന്റെ ആശ്രിതർ എന്നുള്ളതിന് സൈനിക വെൽഫയർ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള (EWS) 10% സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്നവർ വില്ലേജ് ആഫീസറിൽ നിന്നും Income & Assets Certificate ലഭിക്കുന്നവരായിരിക്കണം. EWS റിസർവേഷന് ആവശ്യമുള്ള Annexure 1 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ Annexure 2 മാതൃകയിലുള്ള Income & Assets Certificate ഹാജരാക്കേണ്ടതാണ്.

7. NTSEക്ക് പോയിന്റ് ലഭിക്കുവാൻ എട്ടാം ക്ലാസ്സിൽ അല്ലെങ്കിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് SCERTയോ NCERTയോ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8. NMMSSC/LSS/USS യോഗ്യത നേടിയവർ ഇവ തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

9. എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിനും കോ കരിക്കുലർ ആക്ടിവിറ്റീസിനും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

10. സ്കീം **"Others"** ൽ ഉൾപ്പെട്ട വിദ്യാർഥികൾ അഡ്മിഷൻ സമയത്ത് തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**IED** വിഭാഗത്തിൽവരുന്ന അലോട്ട്മെന്റ് ലഭിച്ച കുട്ടികൾ അഡ്മിഷൻ സമയത്ത് മെഡിക്കൽ ബോർഡിൻറെ ഒർജിനൽ സർട്ടിഫിക്കറ്റും സ്ക്രീനിംഗ് സമയത്ത് ലഭിച്ച സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**ഏകജാലക കോ-ഓർഡിനേറ്റർ**